"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - ജില്ലാ ഭാഗ്യക്കുറി ഓഫീസറായി സ്ഥാനക്കയറ്റം ലഭിച്ച ശ്രീമതി. സിനി പി. ഇലഞ്ഞിക്കൽ (പെൻ: 310285)-നെ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യിക്കുകയും തൃശ്ശൂർ ജില്ലാ ഭാഗ്യക്കുറി ഓഫീസറുടെ പൂർണ്ണ അധിക ചുമതല നല്കുകയും ചെയ്ത സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ നടപടി സാധൂകരിച്ചും ശ്രീമതി. സിനി പി. ഇലഞ്ഞിക്കലിന് നിയമനം നൽകിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.253/2024/TAXES തീയതി,തിരുവനന്തപുരം, 14-03-2024

---

പരാമർശം:-

1. 22.01.2024 ലെ സ.ഉ.(സാധാ) നം.65/2024/ടാക്സസ് നമ്പർ സർക്കാർ ഉത്തരവ്
2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 164/2024 നമ്പർ കേസിന്മേലുള്ള 24.01.2024 ലെ ഇടക്കാല ഉത്തരവ്
3. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 31.01.2024 ലെ SLTY/6139/2023-E2 നമ്പർ നടപടിക്രമം
4. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 01.02.2024 ലെ SLTY/6139/2023-E2 നമ്പർ നടപടിക്രമം
5. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 31.01.2024, 02.03.2024 തീയതികളിലെ SLTY/ 6139/2023-E2 നമ്പർ കത്തുകൾ

**ഉത്തരവ്**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ പാലക്കാട് ജില്ലാ ഭാഗ്യക്കുറി ഓഫീസിലെ അസി.ജില്ലാ ഭാഗ്യക്കുറി ഓഫീസർ ആയിരുന്ന ശ്രീമതി.സിനി.പി.ഇലഞ്ഞിക്കൽ (പെൻ: 310285) - നെ, പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ഡോ.കവിത. വി.നാഥിനെ സ്ഥലം മാറ്റി, വയനാട് ജില്ലാ ഭാഗ്യക്കുറി ഓഫീസറായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ ഡോ.കവിത.വി.നാഥിനെ വയനാട് ജില്ലാ ഭാഗ്യക്കുറി ഓഫീസിൽനിന്ന് സ്ഥലം മാറ്റിയ നടപടി സ്റ്റേ ചെയ്തതിനെ തുടർന്ന് 24.01.2024-ന് പാലക്കാട് ജില്ലാ ഭാഗ്യക്കുറി ഓഫീസിലെ അസി.ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തികയിലെ സേവനത്തിൽനിന്ന് വിടുതൽ ചെയ്ത ശ്രീമതി സിനി പി. ഇലഞ്ഞിക്കലിന് ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കാനായില്ല. ഇക്കാര്യങ്ങൾ പരാമർശം (5) ലെ 31.01.2024 തീയതി കത്ത് പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ, ശ്രീമതി സിനി.പി.ഇലഞ്ഞിക്കലിനെ തൃശ്ശൂർ ജില്ലാ ഭാഗ്യക്കുറി ഓഫീസറായി നിയമിക്കുന്നതിനുള്ള ശിപാർശയും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

3)ഇക്കാര്യങ്ങൾ സർക്കാർ പരിശോധിച്ചുവരവേ ശ്രീമതി.സിനി.പി.ഇലഞ്ഞിക്കലിന് സർവ്വീസ് ബ്രേക്ക് ഉണ്ടാകാതിരിക്കാനായി, പരാമർശം (3) പ്രകാരം, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ മുമ്പാകെ റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നല്കിയും പരാമർശം (4) പ്രകാരം ടിയാരിക്ക് തൃശ്ശൂർ ജില്ലാ ഭാഗ്യക്കുറി ഓഫീസറുടെ പൂർണ്ണ അധിക ചുമതല നല്കിയും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഈ രണ്ട് നടപടികളും സാധൂകരിച്ച് നല്കണമെന്ന് പരാമർശം (5) ലെ 02.03.2024 തീയതി കത്ത് പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവിന്റെ പശ്ചാത്തലത്തിൽ, യഥാക്രമം പരാമർശം (3), (4) എന്നിവ പ്രകാരം, ശ്രീമതി സിനി പി. ഇലഞ്ഞിക്കലിനെ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യിക്കുകയും ടിയാരിക്ക് തൃശ്ശൂർ ജില്ലാ ഭാഗ്യക്കുറി ഓഫീസറുടെ പൂർണ്ണ അധിക ചുമതല നല്കുകയും ചെയ്ത സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ നടപടി സാധൂകരിച്ചും, ശ്രീമതി സിനി പി. ഇലഞ്ഞിക്കലിനെ തൃശ്ശൂർ ജില്ലാ ഭാഗ്യക്കുറി ഓഫീസറായി നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MANOJ K**

ജോയിന്റ് സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥയ്ക്ക് (സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ മുഖാന്തരം)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ/ജി&എസ്എസ്എ) കേരള, തിരുവനന്തപുരം
5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ (TAXES-H1/40/2024-TAXES )

ഉത്തരവിൻ പ്രകാരം

Signed by
Babu G
Date: 14-03-2024 15:48:40

സെക്ഷൻ ഓഫീസർ